പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6220 | 07.11.2016-ൽ മറുപടിയ്ക്ക് |
|---|---|

**ഉറസ്സുവിസർജ്ജനവിമുക്തപദ്ധതി പ്രഖ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ശശി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | പൊതുസ്ഥലങ്ങളിലെയും കെ.എസ്.ആർ.ടി.സി ഡിപ്പോകളിലെയും ഉപയോഗയോഗ്യമല്ലാത്ത ശൗചാലയങ്ങൾ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെപ്പറ്റി തദ്ദേശസ്വയംഭരണവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പൊതുസ്ഥലങ്ങളിലേയും കെ.എസ്.ആർ.ടി.സി. സ്റ്റാൻഡുകളിലേയും ഉപയോഗ്യശൂന്യമായ ശൗചാലയങ്ങൾ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് ചില ഗ്രാമപഞ്ചായത്തുകൾ ആരോഗ്യവകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ മുഖേന പരിശോധന നടത്തുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള അത്തരം ശൗചാലയങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിവരുന്നു. |
| (ബി) | ഇത്തരം വൃത്തിഹീനമായ ശൗചാലയങ്ങൾ ഉപയോഗിക്കുന്നതിന് തുക ഈടാക്കുന്നത് തദ്ദേശഭരണ വകുപ്പിന്റെയും ശുചിത്വമിഷന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പൊതുശൗചാലയങ്ങൾ പേ & യൂസ് വ്യവസ്ഥ പ്രകാരം നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കേരളപ്പിറവി ദിനത്തിൽ ഉറസ്സുവിസർജനവിമുക്ത പദ്ധതിയുടെ പ്രഖ്യാപനം നടത്തുമ്പോൾ ഇത്തരം പൊതുവിസർജ്ജനകേന്ദ്രങ്ങളുടെ പുനരുദ്ധാരണം കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിയ്ക്കുമോ? | (സി) | പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ